# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2697

19.02.2016-ന് മറുപടിയ്ക്ക്

## രത്നഗിരി പബ്ലിക് ലൈബ്രറിക്ക് സ്ഥലം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| എ) രത്നഗിരി പബ്ലിക് ലൈബ്രറിക്ക് സ്ഥലം വിട്ടു നൽകുന്നതിനും ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതും സംബന്ധിച്ച 16678/B2/Rev/2014 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | എ) | 04.03.2014 ലെ കോട്ടയം ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ പ്രകാരം 11.12.2014-ൽ ചേർന്ന SLEC യോഗം, രത്നഗിരി പബ്ലിക് ലൈബ്രറിയുടെ രജിസ്ട്രാറിന് 3,40,000/- രൂപ നഷ്ടപരിഹാരമായി നൽകുവാൻ തീരുമാനിക്കുകയും ടി വിവരം 19.01.2015 ലെ 16678/ബി2/14 നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത ഫയൽ തീർപ്പാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ? | ബി) | എസ് .എൽ. ഇ. സി വില നിശ്ചയിച്ച് നൽകിയതനുസരിച്ച് ചെങ്ങന്നൂർ മൂവാറ്റുപുഴ എം.സി റോഡു വികസനത്തിനു വേണ്ടി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന്റെ അവാർഡ് തുകയും ലൈബ്രറി കെട്ടിടത്തിനുള്ള നഷ്ടപരിഹാരതുകയും 24.07.2015-ന് രത്നഗിരി പബ്ലിക് ലൈബ്രറി സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ